# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് അമ്പത്തേഴ്

## തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുകയും പാളയത്തിനു പുറത്തു പോകുകയും ചെയ്യുക

Sat നാം എബ്രായലേഖനത്തിന്റെ ആഴങ്ങളിലേക്കു കടക്കുമെങ്കിൽ, മുഴുവൻ പുസ്തകവും തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുകയും പാളയത്തിനു പുറത്തു പോകുകയും ചെയ്യുന്നതായ രണ്ടു കാര്യങ്ങൾ വിവരിക്കുന്നു എന്നു നാം കാണും. നാം തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുകയും പാളയത്തിനു പുറത്തു പോകുകയും വേണം. തിരശ്ശീലയ്ക്കുള്ളിൽ അതിവിശുദ്ധസ്ഥലം എന്ന നിസ്തുലമായ ഒരു സ്ഥലമുണ്ട്. നാം തിരശ്ശീലയ്ക്കുള്ളിലായിരിക്കുമ്പോൾ നാം അതിവിശുദ്ധസ്ഥലത്താണ്. നിസ്തുല സ്ഥലമായ അതിവിശുദ്ധസ്ഥലത്തിൽ ക്രിസ്തുവിന്റെ പൂർണ്ണ അടയാളമായ സാക്ഷ്യപെട്ടകം എന്ന നിസ്തുലമായ ഒരു കാര്യമുണ്ട്. ഈ നിസ്തുലമായ കാര്യത്തിനുള്ളിൽ വിലയേറിയ മൂന്നു കാര്യങ്ങളുണ്ട്: മറഞ്ഞിരിക്കുന്ന മന്നയും, തളിർത്ത വടിയും, സാക്ഷ്യപ്രമാണവും, അതായത്, ദൈവത്തിന്റെ ആവിഷ്കാരത്തിലും സാക്ഷ്യത്തിലും പരിണമിക്കുന്ന ജീവപ്രമാണം. വളരെ വിശാലമായി തുറക്കുന്ന ഈ ചുരുങ്ങിയ വാക്ക് "തിരശ്ശീലയ്ക്കുള്ളിൽ" എന്ന പദപ്രയോഗത്തിന്റെ അർഥം നമ്മോടു പറയുന്നു. തിരശ്ശീലയ്ക്കുള്ളിൽ ആയിരിക്കുന്നത് അതിവിശുദ്ധസ്ഥലത്തിൽ ആയിരിക്കുന്നതാണ്, അത് നാം ക്രിസ്തുവിൽ പങ്കുകൊള്ളുകയും, മറഞ്ഞിരിക്കുന്ന മന്നയും തളിർക്കുന്ന വടിയും ദൈവത്തിന്റെ സംഘാത ആവിഷ്കാരത്തിൽ പരിണമിക്കുന്ന ജീവപ്രമാണവും ആസ്വദിക്കുന്നതുമായ ഒരു മണ്ഡലത്തിൽ ആയിരിക്കുന്നതാണ്. ഇത് ദൈവത്തിന്റെ നിത്യോദ്ദേശ്യത്തിന്റെ നിറവേറലാണ്.

എബ്രായർ 13:13 പറയുന്നു, "അതുകൊണ്ട് നമുക്ക് അവന്റെ നിന്ദ വഹിച്ചുകൊണ്ട്, പാളയത്തിനു പുറത്ത് അവങ്കലേക്ക് പുറപ്പെട്ടുപോകാം." ഈ പുസ്തകത്തിലും മുൻകുറിശാസ്ത്രത്തിലും പാളയം മാനുഷികവും ഭൗമികവുമായ മതസംഘടനയെ സൂചിപ്പിക്കുന്നു. പാളയത്തിനു പുറത്തു പോകുകയെന്നാൽ മാനുഷികമായ മതസംഘടനയ്ക്കു പുറത്തുപോകുക എന്നാണ്. പാളയം മാനുഷിക സംഘടനയെ സൂചിപ്പിക്കുമ്പോൾ പട്ടണം

ഭൗമികമായ മണ്ഡലത്തെ സൂചിപ്പിക്കുന്നു. എബ്രായലേഖനത്തിൽ കവാടവും പാളയവും, ഭൗമികവും മാനുഷികവുമായ വശങ്ങളോടുകൂടെയുള്ള യെഹൂദമതത്തെ സൂചിപ്പിക്കുന്നു. യെഹൂദമതം ഭൗമികവും മാനുഷികവുമാണ്. ഏതു മതവും ദൈവത്തിന്റെ വ്യവസ്ഥയിൽനിന്ന് ജനത്തെ അകറ്റിനിർത്തുന്ന മാനുഷിക സംഘടനയും ഭൗമിക മണ്ഡലവുമാണ്.

ഒരുവശത്ത്, ദൈവത്തിന്റെ വ്യവസ്ഥ തിരശ്ശീലയ്ക്കുള്ളിൽ നിറവേറുന്നു. മറുവശത്ത്, മതപരമായ നിരവധി കാര്യങ്ങൾ പാളയത്തിനകത്ത് സംഭവിക്കുന്നു. പാളയത്തിനകത്ത് നമുക്കു കാണാൻ കഴിയുന്നത് കേവലം മതപരമായ കാര്യങ്ങളാണ്. പാളയത്തിലെ പല കാര്യങ്ങളും വേദപുസ്തകവുമായി ബന്ധമുള്ളതായിരിക്കാമെങ്കിലും ദൈവം അവിടെ ഇല്ല. പാളയത്തിനകത്ത്, അതായത്, മതസംഘടനയിൽ, ദൂതന്മാരോ, സഭയോ, രക്ഷകനോ, രക്ഷിക്കപ്പെട്ടവരോ, ക്രിസ്തുവോ, തളിക്കപ്പെട്ട രക്തമോ ഇല്ല. പകരം, അന്ധകാരവും കൂരിരുട്ടും ഉളവാക്കുന്ന തീ കത്തുന്ന ഒരു പർവതവും, ദിശയോ സമാധാനമോ ഇല്ലാതെ നീങ്ങുന്ന ചുഴലിക്കാറ്റും, മുന്നറിയിപ്പിന്റെ ഭയാനകമായ വാക്കുകളോടുകൂടെയുള്ള ഭയപ്പെടുത്തുന്ന ഒരു കാഹളനാദവുമാണ് അവിടെയുള്ളത്. ഇതാണ് ഈ പുസ്തകത്തിൽ ചിത്രീകരിച്ചിരിക്കുന്ന യെഹൂദമതത്തിന്റെ ചിത്രം. മുൻപറഞ്ഞ എല്ലാ ദൂതുകളിലുമായി, ഒരുവശത്ത് തിരശ്ശീലയ്ക്കുള്ളിൽ എന്തുണ്ട് എന്നതിന്റെയും, മറുവശത്ത് പാളയത്തിലുള്ള മതപരമായ കാര്യങ്ങളുടെയും വളരെ സ്പഷ്ടമായ ഒരു ചിത്രം നാം കണ്ടു. നാം എവിടെയായിരിക്കണം—തിരശ്ശീലയ്ക്കുള്ളിലോ, അതോ പാളയത്തിനുള്ളിലോ—എന്നു നാം എല്ലാവരും തിരഞ്ഞെടുക്കണം. നിഷ്പക്ഷരായിരിക്കുവാൻ നമുക്കു കഴിയുകയില്ല.

അതിവിശുദ്ധസ്ഥലത്തേക്കു മുമ്പോട്ടുവരാനും തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കാനും എബ്രായലേഖനം നമ്മോട് നിർദ്ദേശിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നു. പുതിയതും ജീവനുള്ളതുമായ ഒരു വഴി, അതിവിശുദ്ധസ്ഥലത്തേക്കുള്ള വഴി ഒരുക്കിയിരിക്കുന്നു. ഇക്കാരണത്താൽ, ഈ പുസ്തകം ഒന്നാമത് നമ്മെ അതിവിശുദ്ധസ്ഥലത്തേക്കു നയിക്കുകയും പിന്നീട് പാളയത്തിനു പുറത്തുപോകുവാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു. നമ്മുടെ മാനസിക നിരൂപണമനുസരിച്ച്, നാം ഒന്നാമത് പാളയത്തിനു പുറത്തുപോകുകയും പിന്നീട് തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുകയും ചെയ്യുന്നു. എന്നാൽ ഇത് നമ്മുടെ മാനുഷിക ഗണിതശാസ്ത്രമാണ്. ദൈവത്തിന്റെ ഗണിതശാസ്ത്രമനുസരിച്ച്, നാം ഒന്നാമത് തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുന്നു അതിനുശേഷം മാത്രമേ പാളയത്തിനു പുറത്ത് പോകുവാൻ കഴിയുകയുള്ളൂ. പാളയത്തിനു പുറത്തുപോയ ഓരോ വ്യക്തിയും ആദ്യം തിരശ്ശീലയ്ക്കുള്ളിലുള്ളത് അനുഭവമാക്കിയവരാണ്. ഒരുപക്ഷേ നിങ്ങൾ സഭയുടെ യോഗങ്ങൾക്കു വരാൻ

തുടങ്ങിയപ്പോൾ നിങ്ങൾ പാളയത്തിനു പുറത്തായിരുന്നില്ല. ഒരു രുചി ലഭിക്കുവാൻ മാത്രം നിങ്ങൾ തിരശ്ശീലയ്ക്കുള്ളിൽ വരുകയായിരുന്നു. എന്നാൽ ആ രുചി നിങ്ങളെ ആകർഷിക്കുകയും, നിങ്ങളെ പിടിക്കുകയും, പാളയത്തിനു പുറത്തു പോകാനുള്ള ഊർജ്ജം നല്കുകയും ചെയ്തു. ആരുംതന്നെ ആദ്യം പാളയത്തിനു പുറത്തുപോകുകയും പിന്നീട് തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുകയും ചെയ്തിട്ടില്ല. കർത്താവായ യേശു ആദ്യം കവാടത്തിനു പുറത്തുപോകുകയും പിന്നീട് തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുകയും ചെയ്തെങ്കിലും നമ്മെ സംബന്ധിച്ചിടത്തോളം അത് നേരെ തിരിച്ചാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, നാം ഒന്നാമത് അതിവിശുദ്ധസ്ഥലത്തേക്ക് പ്രവേശിക്കുകയും, അവിടെ നാം പാളയത്തിനു പുറത്തുപോകാൻ ബലപ്പെടുകയും പ്രോത്സാഹനം ലഭിക്കുകയും ചെയ്യുന്നു, പിന്നീട് മതസംഘടനയുടെ വെളിയിൽ പോകുന്നു. നാം തിരശ്ശീലയ്ക്കുള്ളിൽ എത്രയധികം പ്രവേശിക്കുന്നുവോ അത്രയുമധികം നാം പാളയത്തിനു പുറത്തു പോകുന്നു.

## I. തിരശ്ശീലയ്ക്കുള്ളിലുള്ള സ്വർഗീയ ക്രിസ്തു

എബ്രായലേഖനം ഒന്നാമത് അതിവിശുദ്ധസ്ഥലത്തിലുള്ള തിരശ്ശീലയ്ക്കുള്ളിലെ സ്വർഗീയ ക്രിസ്തുവിനെ നമുക്കു കാണിച്ചുതരുന്നു (6:19-20). അവിടെ അവൻ നമുക്ക് മഹാപുരോഹിതനായും (4:14; 7:26), സ്വർഗീയ ശുശ്രൂഷകനായും (8:2), പുതിയ ഉടമ്പടിയുടെ മധ്യസ്ഥനായും ഉണ്ട് (8:6; 9:15; 12:24). നമ്മുടെ മഹാപുരോഹിതനെന്ന നിലയിൽ അവൻ നമുക്കുവേണ്ടി അവിടെ പക്ഷവാദം ചെയ്യുകയും നമ്മിലേക്ക് ദൈവത്തിന്റെ സർവസമ്പത്തും ശുശ്രൂഷിക്കുകയും ചെയ്യുന്നു. സ്വർഗീയ ശുശ്രൂഷകനെന്ന നിലയിൽ അവൻ നമുക്കുവേണ്ടി ശ്രേഷ്ഠമായ ശുശ്രൂഷ നിർവഹിക്കുകയും, പുതിയ ഉടമ്പടിയുടെ മധ്യസ്ഥനെന്ന നിലയിൽ നമ്മുടെ ആസ്വാദനത്തിനുവേണ്ടി പുതിയ ഉടമ്പടിയുടെ സകല ഉള്ളടക്കങ്ങളും അവൻ നടപ്പാക്കുകയും ചെയ്യുന്നു. ഇതെല്ലാം അവൻ ജഡത്തിലായിരുന്നപ്പോൾ ഭൂമിയിൽവച്ചു നമുക്കുവേണ്ടി ചെയ്തതിനെക്കാൾ മേന്മയേറിയതാണ്.

## II. തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുവാൻ വിശ്വാസികൾ പ്രോത്സാഹിപ്പിക്കപ്പെടുന്നു

തിരശ്ശീലയ്ക്കുള്ളിലെ സ്വർഗീയ ക്രിസ്തുവിനെ നമുക്കു കാണിച്ചുതന്നതിനുശേഷം തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുവാൻ എബ്രായലേഖനം നമ്മെ പ്രോത്സാഹിപ്പിക്കുന്നു (10:19-20, 22). തിരശ്ശീലയ്ക്കുള്ളിൽ നമുക്ക് അവങ്കലേക്കു നോക്കുവാനും (12:2), അവനെ പരിഗണിക്കുവാനും കഴിയും (12:3; 3:1). നമുക്ക് അവനുമായി നേരിട്ട് ബന്ധമുണ്ടായിരിക്കണം.

അവൻ തിരശ്ശീലയ്ക്കുള്ളിലുള്ളതിനാൽ, അവനിൽനിന്നും സന്നിവേശിപ്പിക്കലും നിവേശിപ്പിക്കലും സ്വീകരിക്കുന്നതിന് നാം അവനെ കാണുകയും, അവനെ നോക്കുകയും, അവനെ പരിഗണിക്കുകയും ചെയ്യേണ്ടതിന് നാമും തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കണം. തീർച്ചയായും നമ്മുടെ ആത്മാവിനെ പ്രയോഗിക്കുന്നതിലൂടെ മാത്രമേ നമുക്കിത് ചെയ്യുവാൻ കഴിയുകയുള്ളൂ. നാം കണ്ടതുപോലെ, നമ്മുടെ ആത്മാവ് സ്വർഗീയമായ അതിവിശുദ്ധസ്ഥലത്തോടു ചേർന്നിരിക്കുന്നു. നമ്മുടെ ആത്മാവിലേക്ക് നാം തിരിയുകയും അതിനെ പ്രയോഗിക്കുകയും ചെയ്യുമ്പോൾ നാം തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുന്നു. ഇവിടെ നാം സ്വർഗീയ ക്രിസ്തുവിന്റെ സ്വർഗീയ ശുശ്രൂഷയിൽ പങ്കെടുക്കുന്നു. ഇവിടെ അവന്റെ ആവിഷ്കാരത്തിനവേണ്ടി നമ്മെ ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ സംഘാത പുനരുല്പാദനമാക്കേണ്ടതിന് നമ്മെ സകല ദിവ്യസമ്പത്താലും സാന്ദ്രീകരിക്കുകയും അഭിവ്യാപിപ്പിക്കുകയും ചെയ്യുന്നു. ഇവിടെ നാം കൃപ സ്വീകരിക്കുകയും പാളയത്തിനു പുറത്തുപോയി ക്രൂശിന്റെ പാതയിൽ അവനെ അനുഗമിക്കുവാൻ ബലപ്പെടുകയും ചെയ്യുന്നു.

## III. കർത്താവിനെ അനുഗമിക്കുന്നതിന് പാളയത്തിനു പുറത്തുപോകുവാൻ വിശ്വാസികളോട് ആജ്ഞാപിക്കുന്നു

### A. കർത്താവിന്റെ അന്വേഷകർ അവനെ സന്ധിക്കുവാൻ വന്ന സ്ഥലമായ പാളയത്തിനു പുറത്തേക്കു മോശെ നീങ്ങുന്നു

യിസ്രായേൽമക്കൾ പൊന്നുകൊണ്ടുള്ള കാളക്കുട്ടിയെ ആരാധിച്ചതിനുശേഷം (പുറ. 32) കർത്താവിനെ അന്വേഷിച്ച ഓരോരുത്തനും മോശെയെ സന്ധിക്കുവാൻ പോയ സ്ഥലമായ "പാളയത്തിനു വെളിയിലേക്ക് (പുറത്തേക്ക്)" മോശെ നീങ്ങി, കർത്താവിന്റെ സാന്നിധ്യവും സംസാരവും അവിടെയായിരുന്നു (പുറ. 33:7-11). അതുപോലെ, കർത്താവിന്റെ സാന്നിധ്യം ആസ്വദിക്കുവാനും അവന്റെ സംസാരം കേൾക്കുവാനും വിഗ്രഹാരാധന ഉള്ളിടമായ പാളയത്തിനു പുറത്തേക്കു നാമും പോകണം. പ്രായോഗികവും ശരിയായതുമായ സഭാജീവിതത്തിന് ഇത് അനിവാര്യമാണ്.

LD

### B. മതം കർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട ഒരു പാളയമാകുന്നു

കർത്താവിനെ തിരസ്കരിച്ച യെഹൂദമതമോ, കത്തോലിക്കാമതമോ, പ്രൊട്ടസ്റ്റാന്റ് മതമോ, ഏതു മതമായാലും

അത് ഒരു പാളയം, കർത്താവ് ഉപേക്ഷിച്ച ഒരു മാനുഷിക സംഘടന ആണ്. വെളിപ്പാട് 17-ൽ പ്രതിപാദിച്ചിരിക്കുന്ന മഹാബാബിലോൺപോലും കർത്താവിന്റെ ജനം പുറത്തുവരേണ്ട ഒരു ലൗകിക നഗരം, ഒരു ഭൗമിക മണ്ഡലം ആണ് (വെളി. 18:4).

പിശാച് മതത്തെ നമ്മുടെ രക്തത്തിലേക്ക് കുത്തിവച്ചിരിക്കുന്നു. ഇതു നിമിത്തം പാളയം കേവലം നമ്മുടെ വെളിയിലല്ല, അത് നമ്മുടെ ഉള്ളിൽ ആഴത്തിലാണ്. ഹവ്വ നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തിൽനിന്നു ഭക്ഷിച്ച നാൾ മുതൽ മതം മനുഷ്യന്റെ രക്തത്തിൽ ഉണ്ട്. പാമ്പ് ഹവ്വയെ പ്രലോഭിപ്പിച്ചപ്പോൾ, അസാന്മാർഗ്ഗികമായ എന്തെങ്കിലും ചെയ്യുവാൻ അവൻ അവളോട് ആവശ്യപ്പെട്ടില്ല. പകരം, "അതെ, തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്ന് ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ?" എന്നു ചോദിച്ചുകൊണ്ട് പാമ്പ് മതപരമായ ഒരു രീതിയിൽ അവളോടു സംസാരിച്ചു (3:1). ഇവിടെ ദൈവത്തെക്കുറിച്ചുപോലും പാമ്പ് സംസാരിച്ചു എന്നു നാം കാണുന്നു. ഇതാണ് മതം. "ഹവ്വേ, നീയും നിന്റെ ഭർത്താവും, ദൈവത്തിനുള്ളവരാണെന്ന് എനിക്കറിയാം. ഞാനിവിടെ ആയിരിക്കുന്നത് ലൗകികമായ വിനോദങ്ങളെക്കുറിച്ച് നിന്നോടു സംസാരിക്കാനല്ല. ദൈവത്തെക്കുറിച്ചു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു" എന്ന് അവൻ പറഞ്ഞതായി തോന്നുന്നു. ദൈവത്തെക്കുറിച്ചു സംസാരിക്കുന്നത് മതത്തിന്റെ ഒരു വശമാണ്. മതം എന്താണെന്ന് നിങ്ങൾക്കറിയാമോ? അത് ദൈവത്തെക്കുറിച്ചുള്ള വെറും സംസാരമാണ്. ചിലർ പറയും, "ജനം ദൈവത്തെക്കുറിച്ചു പറയുന്നത് മനോഹരമല്ലേ? ഇതിന് നിങ്ങൾ എന്തിനാണ് അവരെ കുറ്റംവിധിക്കുന്നത്? മതത്തിൽ ദൈവത്തെ അറിയുവാൻ ജനത്തെ പഠിപ്പിക്കുന്നു. അവരുടെ വിഷയം ദുർന്നടപ്പോ ചൂതുകളിയോ അല്ല; സത്യദൈവമാണ്." എന്നിരുന്നാലും, ഉല്പത്തി 3 വെളിപ്പെടുത്തുന്നതുപോലെ, പാമ്പ് ഹവ്വയോട് ദൈവത്തെക്കുറിച്ചു സംസാരിക്കുന്നതോടുകൂടെ മതം ആരംഭിച്ചു. "സ്ത്രീ പാമ്പിനോടു പറഞ്ഞു: തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്കു തിന്നാം; എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ടതിന് തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്, തൊടുകയും അരുത് എന്നു ദൈവം കല്പിച്ചിട്ടുണ്ട്" (ഉല്പ. 3:2-3). ഇതിന് പാമ്പ് ഉത്തരം പറഞ്ഞത്, "നിങ്ങൾ മരിക്കയില്ല നിശ്ചയം; അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകയും ചെയ്യും എന്നു ദൈവം അറിയുന്നു എന്നു പറഞ്ഞു" (ഉല്പ. 3:4-5). നന്മതിന്മകൾ അറിയുന്നതും മതത്തിന്റെ ഒരു കാര്യമാണ്. ദൈവത്തെയും നന്മതിന്മകളെയുംകുറിച്ച് അറിയുവാൻ മതം ജനത്തെ പഠിപ്പിക്കുന്നു. ഒടുവിൽ ഹവ്വ അറിവിന്റെ വൃക്ഷത്തിൽനിന്നു തിന്നുകയും, മതം മനുഷ്യന്റെ രക്തത്തിലേക്ക് കുത്തിവയ്ക്കപ്പെടുകയും ചെയ്തു.

മതത്തെക്കുറിച്ച് ആരെയും പഠിപ്പിക്കേണ്ട ആവശ്യമില്ല: നാമെല്ലാവരും മതപരമായി ജനിച്ചിരിക്കുന്നു. മതപരമായ രീതിയിൽ നാം പ്രസംഗിക്കുമ്പോൾ നമ്മെ സ്വാഗതം ചെയ്യുന്നതിന്റെ കാരണം ഇതാണ്. എന്നാൽ അതിവിശുദ്ധ സ്ഥലത്തിന്റെ മാർഗത്തിൽ നാം സുവിശേഷം പ്രസംഗിക്കുന്നുവെങ്കിൽ, കർത്താവായ യേശുവിനോട് അവർ പറഞ്ഞതുപോലെ "അവനെ ക്രൂശിക്ക" എന്ന് ജനം ആർത്തുവിളിക്കും. നാം മതത്തിൽ ജനിക്കുകയും വളർത്തപ്പെടുകയും ചെയ്തതുകൊണ്ട് മതം നമ്മുടെ ധാരണയിൽ മാത്രമല്ല, നമ്മുടെ ആളത്തത്തിലും, നമ്മുടെ രക്തത്തിലും ഉണ്ട്. ദിനംപ്രതി നാം മതത്തിനു പുറത്ത്, പാളയത്തിനു പുറത്തു പോകണം.

ഒരർഥത്തിൽ മതം ദൈവത്തിന്റെ വ്യവസ്ഥയോട് വളരെയധികം സാമ്യംപുലർത്തുന്നു. മതത്തിനുവേണ്ടിയുള്ളതെന്നു തോന്നുന്ന വാക്യങ്ങൾ പഴയനിയമത്തിലും പുതിയനിയമത്തിലും നമുക്കു കണ്ടെത്തുവാൻ കഴിയും. എന്നാൽ ആ വാക്യങ്ങളെ വേദപുസ്തകത്തിന്റെ അടിസ്ഥാന വെളിപാടിന്റെ, ദൈവത്തിന്റെ ആവിഷ്കാരത്തിനുവേണ്ടി മനുഷ്യനിലേക്ക് ദൈവത്തെ പകരുന്ന തന്റെ വ്യവസ്ഥയുടെ വെളിച്ചത്തിൽ നാം മനസ്സിലാക്കണം. ദൈവം മതത്തിനുവേണ്ടി കരുതുന്നില്ല; അവൻ തന്റെ വ്യവസ്ഥയ്ക്കുവേണ്ടി കരുതുന്നു. അവൻ നിലകൊള്ളുന്നത് മനുഷ്യനിലേക്ക് അവനെത്തന്നെ പകരുന്നതിനു വേണ്ടിയാണ്. ദൈവത്തെത്തന്നെ മനുഷ്യനിലേക്ക് പണിതുചേർക്കുക എന്നതാണ് ദൈവത്തിന്റെ ഇംഗിതമെങ്കിലും വളരെയധികം ക്രിസ്ത്യാനികൾ തങ്ങളുടെ മതത്തെ അറിയുക മാത്രം ചെയ്യുന്നു. അവർക്ക് ദൈവത്തിന്റെ വ്യവസ്ഥയെക്കുറിച്ചോ, നമ്മുടെ ആളത്തത്തിലേക്ക് ത്രിയേകദൈവം പകരപ്പെടുന്നു എന്നു പറയുന്നതെന്താണെന്നതിന്റെ അർഥമോ അറിയില്ല. ഒരു മതമായിത്തീർന്നതുനിമിത്തം, ക്രിസ്തുമതം ദൈവത്തിന്റെ വ്യവസ്ഥയിൽനിന്നും വളരെ അകലെയാണ്. എന്നാൽ കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള നാം മതപരമായ യാതൊന്നിനെയും ശ്രദ്ധിക്കുന്നില്ല. ത്രിയേകദൈവം നമ്മിലേക്കു പകരപ്പെടുന്നതു മാത്രമേ നാം ശ്രദ്ധിക്കുന്നുള്ളൂ.

## C. അവന്റെ നിന്ദ ചുമന്നുകൊണ്ട് മതത്തിനു പുറത്ത് യേശുവിങ്കലേക്കു പോകുന്നു

തിരശ്ശീലയ്ക്കുള്ളിലായിരിക്കുക എന്നത് തേജസ്സിൽ സിംഹാസനസ്ഥനായിരിക്കുന്ന കർത്താവ് ഉള്ളിടമായ അതിവിശുദ്ധസ്ഥലത്തേക്ക് പ്രവേശിക്കുന്നതും, പാളയത്തിനു പുറത്തുപോകുക എന്നത് കർത്താവു തിരസ്കരിക്കരണത്തോടെ പുറത്താക്കപ്പെട്ട മതത്തിൽനിന്നു പുറത്തുവരുന്നതുമാണ്. അനുഭവപരമായി പറഞ്ഞാൽ, നാം പ്രായോഗികമായ അതിവിശുദ്ധസ്ഥലം ഉള്ളിടമായ

നമ്മുടെ ആത്മാവിലും, ഇന്ന് പ്രായോഗികമായ പാളയമുള്ള മതത്തിനു പുറത്തും ആയിരിക്കണമെന്ന് ഇത് സൂചിപ്പിക്കുന്നു. സ്വർഗീയ ക്രിസ്തുവിനെ ആസ്വദിച്ചുകൊണ്ട് നാം എത്രയധികം നമ്മുടെ ആത്മാവിലായിരിക്കുന്നുവോ, അത്രയുമധികം കഷ്ടംസഹിക്കുന്ന യേശുവിനെ അനുഗമിച്ചുകൊണ്ട് നാം മതത്തിന് പുറത്തായിരിക്കും. തേജസ്കരിക്കപ്പെട്ട ക്രിസ്തുവിനെ ആസ്വദിക്കുവാൻ നമ്മുടെ ആത്മാവിലായിരിക്കുന്നത് തിരസ്കരിക്കപ്പെട്ട യേശുവിനെ അനുഗമിക്കുവാൻ മതത്തിനു പുറത്തുവരാൻ നമ്മെ പ്രാപ്തരാക്കുന്നു. നമ്മുടെ ആത്മാവിൽ തന്റെ തേജസ്സിലുള്ള സ്വർഗീയ ക്രിസ്തുവിനെ നാം എത്രയധികം ബന്ധപ്പെടുന്നുവോ, അത്രയുമധികം മതത്തിനു പുറത്ത് അവന്റെ കഷ്ടതയിലുള്ള താഴ്ന്നവാനായ യേശുവിലേക്ക് നാം പോകും. അവന്റെ തേജസ്കരണം ആസ്വദിച്ചുകൊണ്ട് സ്വർഗത്തിലുള്ള ക്രിസ്തുവിനെ ബന്ധപ്പെടുന്നത്, ഭൂമിയിൽ ക്രൂശിന്റെ ഇടുങ്ങിയ പാത എടുക്കുവാനും അവന്റെ നിന്ദ ചുമക്കുവാനും നമുക്ക് ഊർജ്ജം പകരുന്നു. എബ്രായലേഖനം ഒന്നാമത് സ്വർഗീയ ക്രിസ്തുവിന്റെയും സ്വർഗീയമായ അതിവിശുദ്ധസ്ഥലത്തിന്റെയും വ്യക്തമായ ഒരു ദർശനം നമുക്കു തരുകയും, പിന്നീട് ഭൂമിയിൽ ക്രൂശിന്റെ പാതയിൽ നാം എങ്ങനെ നടക്കണമെന്ന്, അതായത്, അവന്റെ നിന്ദ ചുമന്നുകൊണ്ട് പാളയത്തിനു പുറത്ത്, മതത്തിനു പുറത്ത്, യേശുവിങ്കലേക്ക് എങ്ങനെ പോകണമെന്ന് നമുക്കു കാണിച്ചുതരുകയും ചെയ്യുന്നു. അവന്റെ നിന്ദ ചുമന്നുകൊണ്ട് പാളയത്തിനു പുറത്ത് യേശുവിങ്കലേക്കു പോകുന്നത് ക്രൂശിന്റെ പാത എടുക്കുന്നതാണ്.

## D. അതിവിശുദ്ധസ്ഥലം നമ്മെ ക്രൂശിന്റെ പാത എടുക്കുവാൻ പ്രാപ്തരാക്കുകയും ക്രൂശിന്റെ പാത രാജ്യത്തിലേക്ക് നമ്മെ ആനയിക്കുകയും ചെയ്യുന്നു

അതിവിശുദ്ധസ്ഥലവും, (അവന്റെ നിന്ദ ചുമന്നുകൊണ്ട് പാളയത്തിനു പുറത്ത് യേശുവിങ്കലേക്കു പോകുന്നതിനെ സൂചിപ്പിക്കുന്ന) ക്രൂശിന്റെ പാതയും, രാജ്യവും ഈ പുസ്തകത്തിൽ നൽകിയിരിക്കുന്ന മൂന്ന് നിർണായക വിഷയങ്ങളാണ്. അതിവിശുദ്ധസ്ഥലം ക്രൂശിന്റെ പാത എടുക്കുവാൻ നമ്മെ പ്രാപ്തരാക്കുകയും, ക്രൂശിന്റെ പാത രാജ്യത്തിലേക്ക് അതിന്റെ പ്രത്യക്ഷതയിൽ നമ്മെ ആനയിക്കുകയും ചെയ്യുന്നു. രാജ്യത്തിലേക്ക് അതിന്റെ പ്രത്യക്ഷതയിൽ പ്രവേശിക്കുന്നതിന് നാം ക്രൂശിന്റെ പാത എടുക്കുകയും, ക്രൂശിന്റെ പാത എടുക്കുന്നതിന് തിരശ്ശീലയ്ക്കുള്ളിലുള്ള അതിവിശുദ്ധസ്ഥലത്തിലേക്ക് നാം പ്രവേശിക്കുകയും വേണം. നമ്മുടെ ക്രിസ്തീയ നടപ്പിൽ അതിവിശുദ്ധസ്ഥലം നിർണായകമാണ്.

## IV. തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുന്നത് നമ്മുടെ ആത്മാവിലേക്ക് കടക്കുന്നതാകുന്നു

നാം തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കണമെങ്കിൽ, നാം നമ്മുടെ ആത്മാവിലേക്കു കടക്കണം (4:12). തിരശ്ശീലയ്ക്കുള്ളിൽ ആയിരിക്കുന്നത് നമ്മുടെ ആത്മാവിലായിരിക്കുന്നതും, പാളയത്തിനു പുറത്തായിരിക്കുന്നത് മതപരമായ ഏതൊരു കാര്യത്തിൽനിന്നും പുറത്തായിരിക്കുന്നതും ആണ്. നാം ഒരു പാളയത്തിലും ആയിരിക്കാതെ നമ്മുടെ ആത്മാവിലേക്കു കടക്കണം. നിങ്ങൾ മതപരമായ പാളയത്തിൽ തങ്ങുന്നുവെങ്കിൽ നിങ്ങൾ ഇപ്പോഴും നിങ്ങളുടെ ആത്മാവിനു വെളിയിൽ പാളയമടിച്ചിരിക്കുകയാണ്. എന്നാൽ നാം പാളയമടിക്കുകയല്ല—നാം അതിവിശുദ്ധസ്ഥലത്താണ്. "സഹോദരന്മാരേ, നിങ്ങളുടെ പാളയമടിക്കുന്ന മനസ്സിൽനിന്ന് നിങ്ങൾ വെളിയിൽ വരുകയും നിങ്ങളുടെ ആത്മാവിലേക്കു കടക്കുകയും ചെയ്യുവിൻ," എന്ന് എഴുത്തുകാരൻ പറയുന്നതായി തോന്നുന്നു. ഇന്ന് നമ്മുടെ മുഴുവൻ ആളത്തത്തെയും ആത്മാവിലേക്കു കൊണ്ടുവരാൻ നാം വ്യായാമംചെയ്യണം. നമ്മുടെ പാളയമടിക്കുന്ന ചിന്താഗതിയിൽ നാം തങ്ങരുത്, കാരണം ആ ചിന്താഗതി മതപരമാണ്. നമ്മുടെ ആത്മാവിലേക്കു പ്രവേശിച്ചുകൊണ്ട് വീണ്ടും വീണ്ടും നാം തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കണം.

എബ്രായലേഖനത്തിന്റെ എഴുത്തുകാരൻ 4:12-ൽ എന്തുകൊണ്ടാണ് ആത്മാവിനെ പ്രതിപാദിച്ചിരിക്കുന്നതെന്നു മനസ്സിലാക്കുവാൻ ക്രിസ്തീയ വായനക്കാർക്ക് പ്രയാസമാണ്. അവൻ ക്രിസ്തുവിനെ യെഹൂദമതവുമായി താരതമ്യപ്പെടുത്തുമ്പോൾ, അവൻ പെട്ടെന്ന് പറയുന്നു, "ദൈവവചനം ജീവനുള്ളതും, വ്യാപരിക്കുന്നതും, ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാൾ മൂർച്ചയേറിയതും, ദേഹിയെയും ആത്മാവിനെയും വേർതിരിക്കുംവരെ തുളച്ചുചെല്ലുന്നതും ആകുന്നു." ക്രിസ്തുവിനെ അനുഭവമാക്കുന്നതിനുള്ള താക്കോൽ അതിവിശുദ്ധസ്ഥലത്തോട് യോജിപ്പിച്ചിരിക്കുന്ന നമ്മുടെ ആത്മാവാണെന്ന് ഈ വാക്യം നമുക്കു കാണിച്ചുതരുന്നുവെന്ന് നാം ഇപ്പോൾ മനസ്സിലാക്കുന്നു. അതുകൊണ്ട്, പാളയമടിക്കുന്ന ചിന്താഗതിയിൽനിന്ന്, പാളയമടിക്കുന്ന നമ്മുടെ ദേഹിയിൽനിന്ന്, നമ്മുടെ ആത്മാവിനെ നാം വിവേചിക്കണം. നാം ഇനിമേൽ നമ്മുടെ മനസ്സിൽ പാളയമടിക്കാതെ നമ്മുടെ ആത്മാവിലേക്കു തിരിയണം. കർത്താവായ യേശു ക്രിസ്തു നമ്മുടെ ആത്മാവോടുകൂടെ ഉണ്ട് (2 തിമൊ. 4:22). കൃപ നമ്മുടെ ആത്മാവോടുകൂടെ ഉണ്ട് (ഗലാ. 6:18). നാം കൃപ എടുക്കണമെന്ന് നാം കണ്ടു, എന്നാൽ കൃപ എടുക്കുവാൻ നാം എവിടെ പോകണം? നമ്മുടെ ആത്മാവിലേക്ക്

നാം പോകണം. അതിവിശുദ്ധസ്ഥലവും, ദൈവത്തിന്റെ വ്യവസ്ഥയും, ദൈവത്തിന്റെ വ്യവസ്ഥയുടെ നിറവേറലും എല്ലാം നമ്മുടെ ആത്മാവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇന്നു നമുക്കാവശ്യമായിരിക്കുന്നത് ആത്മാവിലേക്കു കടക്കുന്നതിലൂടെ തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുന്നതാണ്.

Mon ചില യുവസഹോദരന്മാർ അന്യോന്യം പോരടിക്കുന്നുവെന്നു കരുതുക. ഇത് ഒരുതരം വന്യമായ പാളയമടിക്കലാണ്. നന്നായി പെരുമാറുവാനും, സഹനശക്തി പഠിക്കുവാനും, മതപരമായി പാളയമടിക്കുവാനും അവരോട് മതത്തിലുള്ള ആരെങ്കിലും പറയുന്നത് അവർക്കാവശ്യമാണെന്നു ചിന്തിക്കരുത്. അത് അവരുടെ മതപരമായ ദേഹിയിൽ എങ്ങനെ പാളയമടിക്കണമെന്ന് അവരെ പഠിപ്പിക്കുന്നതു മാത്രമായിരിക്കും. അത് തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുന്നതല്ല. അന്യോന്യം പോരടിക്കുന്ന സഹോദരന്മാർ ആത്മാവിലേക്കു തിരിയണം. അവർ ആത്മാവിലേക്കു തിരിയുകയും കൃപ എടുക്കുകയും ചെയ്താൽ, അവരുടെ മറഞ്ഞിരിക്കുന്ന മന്നയായി അവർ ക്രിസ്തുവിനെ രുചിക്കുകയും, തളിർക്കുന്ന വടിയായ അവനിൽനിന്ന് പങ്കുകൊള്ളുകയും, ജീവപ്രമാണത്തിന്റെ നിയന്ത്രണം അവർ അനുഭവമാക്കുകയും ചെയ്യും. അപ്പോൾ ആരും അവരെ സഹനശക്തിയോ, താഴ്മയോ, വഴങ്ങുവാനുള്ള പാഠമോ പഠിപ്പിക്കേണ്ട ആവശ്യം ഉണ്ടായിരിക്കുകയില്ല.

ത്രിയേകദൈവത്തെ നമ്മുടെ ആളത്തത്തിലേക്ക് പകരുന്നതാണ് ദൈവത്തിന്റെ വ്യവസ്ഥ. സഭയുടെ കെട്ടുപണിക്കുവേണ്ടിയുള്ള വസ്തുക്കൾ ഉളവാക്കിക്കൊണ്ട് ഇത് ക്രിസ്തുവിന്റെ ശരീരത്തെ കെട്ടുപണി ചെയ്യുന്നു. ഇത് നമ്മുടെ ആത്മാവിനോട് ചേർന്നിരിക്കുന്ന തിരശ്ശീലയ്ക്കുള്ളിലുള്ള അതിവിശുദ്ധസ്ഥലത്തിൽ സംഭവിക്കുന്നു. ഇതും മതവും തമ്മിൽ എന്തോരു വ്യത്യാസം! ഇങ്ങനെയുള്ള ആന്തരികമായ രീതിയിൽ ക്രിസ്തുവിനെ നാം അനുഭവമാക്കുന്നുവെങ്കിൽ, നമ്മുടെ രക്തത്തിൽ ഇപ്പോഴും മതപരമായി പാളയമടിച്ചിരിക്കുന്ന മൂലകം എത്രമാത്രം ഉണ്ടെന്ന് നാം കാണും. സ്വതേതന്നെ, ഈ മതപരമായ മൂലകത്തെ വെറുക്കുവാനും പാളയമടിക്കുന്ന നമ്മുടെ സ്വയത്തോട് അറപ്പു തോന്നുവാനും തുടങ്ങും. ഇങ്ങനെയുള്ള ഒരു സാക്ഷാൽക്കാരത്തിലേക്ക് നമ്മെ കർത്താവു കൊണ്ടുവരേണ്ടതിന് നാം എല്ലാവരും തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കണം.

നാം കർത്താവിനോട് വിശ്വസ്തരായിരിക്കുകയും, ആഴ്ചതോറും ദിനമ്പ്രതിയും തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുകയും ചെയ്യുന്നുവെങ്കിൽ, മതപരമായ നമ്മുടെ പശ്ചാത്തലത്തിലെ നിരവധി കാര്യങ്ങൾ ഇപ്പോഴും നമ്മുടെ ഉള്ളിലുണ്ടെന്ന് നാം കണ്ടെത്തും. യെഹൂദമതത്തിന്റെ പശ്ചാത്തലമുള്ള സഹോദരന്മാർ യെഹൂദമതത്തിന്റെ മൂലകം അവരിൽ ഇപ്പോഴും

ഉണ്ടെന്നും, പ്രസ്ബിറ്റേറിയന്റെയോ, തെക്കൻ ബാപ്റ്റിസ്റ്റിന്റെയോ പശ്ചാത്തലമുള്ളവർ ആ പാളയമടിച്ചിരിക്കുന്ന മൂലകങ്ങൾ അവരുടെ രക്തത്തിൽ നിലനിൽക്കുന്നുവെന്നും കണ്ടെത്തും. സഭാജീവിതത്തെ ആ പാളയമടിക്കുന്ന മൂലകവുമായി താരതമ്യം ചെയ്തുകൊണ്ട്, കഴിഞ്ഞ കാലത്ത് നിരവധി തവണ നിങ്ങളുടെ മതപരമായ പശ്ചാത്തലത്താൽ സഭാജീവിതത്തിന്റെ അവസ്ഥയെ നിങ്ങൾ ഒരുപക്ഷേ അളക്കുകയോ കണക്കുകൂട്ടുകയോ ചെയ്തിട്ടുണ്ടാകാം. എന്നാൽ എത്രയധികം തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുകയും സ്വർഗീയ ക്രിസ്തുവിനാൽ സന്നിവേശിപ്പിക്കപ്പെടുകയും നിവേശിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ടോ, അത്രയുമധികം നാം പറയും, "മതപരമായ പശ്ചാത്തലമേ, എന്നെ വിട്ടു പോകുക!" എന്നിരുന്നാലും, പാളയമടിക്കുന്ന മൂലകത്തെ നാം പുറത്താക്കിയിട്ടുണ്ടെന്നു തോന്നിയാലും, അതിൽ ചിലത് ഇപ്പോഴും നമ്മിൽ പറ്റിപ്പിടിച്ചിരിക്കുന്നു. അതുകൊണ്ട്, തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുന്നതും പാളയത്തിനു പുറത്തുപോകുന്നതും നാം തുടരേണ്ടത് ആവശ്യമാണ്.

വളരെ സ്പർശിയായ പാളയമടിക്കുന്ന ഒരു മൂലകം അന്യഭാഷയിൽ സംസാരിക്കുന്നതാണ്. അന്യഭാഷ സംസാരിക്കുന്ന ഒരു പശ്ചാത്തലമുള്ളവർ പലപ്പോഴും ചോദിക്കുന്നു, "സഭയിൽ അന്യഭാഷ സംസാരിക്കുന്നതിനെക്കുറിച്ച് എന്താണഭിപ്രായം? ഇതിനെ നിങ്ങൾ എവിടെ വയ്ക്കും? അത് പ്രയോജനമില്ലാത്തതാണെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ?" ഒരുപക്ഷേ ഇങ്ങനെയുള്ള ചോദ്യങ്ങൾ നിങ്ങൾ നിരവധി തവണ ചോദിച്ചിട്ടുണ്ടാകും. നമ്മുടെ മതപരമായ പശ്ചാത്തലം ഉപേക്ഷിക്കുവാൻ എത്ര പ്രയാസമാണ്! അന്യഭാഷ സംസാരിക്കുന്നതിനെ ഞാൻ കുറ്റംവിധിക്കുകയല്ല. ദൈവത്തിന്റെ വ്യവസ്ഥയ്ക്കുവേണ്ടി, ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിക്കുവേണ്ടി നമ്മിലേക്ക് ത്രിയേകദൈവത്തെ പകരുന്നതിനുള്ള എന്തിനും നാം ആയിരിക്കുന്നു. മൗലികവാദമോ, പെന്തക്കോസ്തോ, കരിസ്മാറ്റിക്കോ ആയ ഏതുതരം മതമായാലും നാം അതിനുള്ളവരല്ല. നാം ഒരു കാര്യത്തിനു മാത്രമുള്ളവരാണ്— നാം രൂപാന്തരപ്പെട്ട് അവന്റെ സംഘാത ആവിഷ്കാരമായി ഒരുമിച്ചു പണിയപ്പെടേണ്ടതിനും, ഈ യുഗത്തെ അവസാനിപ്പിച്ച് രാജ്യത്തെ ആനയിക്കേണ്ടതിനും നമ്മുടെ ആളത്തത്തിലേക്കുള്ള ത്രിയേകദൈവത്തിന്റെ പകർച്ചയ്ക്കുവേണ്ടി. ഇത് മറഞ്ഞിരിക്കുന്ന മന്നയോടും, തളിർക്കുന്ന വടിയോടും, ജീവപ്രമാണത്തോടും കൂടെയുള്ള ദൈവത്തിന്റെ സാക്ഷ്യപെട്ടകത്തെ അനുഭവമാക്കുന്നതിന് തിരശ്ശീലയ്ക്കുള്ളിലേക്ക് നാം പ്രവേശിക്കുന്നതിനാൽ മാത്രമേ നിറവേറുവാൻ കഴിയുകയുള്ളൂ. ഈ കാര്യങ്ങൾ അനുഭവമാക്കുന്നതിലൂടെ ഓരോ പാളയത്തിന്റെയും പുറത്തു പോകുവാൻ നാം നിവേശിപ്പിക്കപ്പെടുകയും, ശക്തീകരിക്കപ്പെടുകയും,

ബലപ്പെടുത്തപ്പെടുകയും, പ്രാപ്തരാക്കപ്പെടുകയും ചെയ്യുന്നു. നാം എല്ലാവരും തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുകയും പാളയത്തിനു പുറത്തുപോകുകയും ചെയ്യണമെന്നതാണ് എബ്രായലേഖനത്തിലെ ഈ എല്ലാ ദൂതുകളിലുമുള്ള എന്റെ യഥാർഥ ഭാരം. ഇതാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യവും ആത്യന്തിക പരിസമാപ്തിയും.

നമ്മുടെ ആത്മാവിലേക്കു കടക്കുന്നതിലൂടെ തിരശ്ശീലയ്ക്കുള്ളിൽ നാം പ്രവേശിക്കുമ്പോൾ, ഭൂമിയെയും അതിന്റെ സ്നേഹത്തെയും ഉപേക്ഷിച്ചുകൊണ്ട് പാളയത്തിനു പുറത്തു പോകുവാൻ നാം പ്രാപ്തരാക്കപ്പെടേണ്ടതിന് സ്വർഗീയ ക്രിസ്തുവിന്റെ മാധുര്യത്തെ നാം രുചിക്കുന്നു. നാം തിരശ്ശീലയ്ക്കുള്ളിൽ തങ്ങുമ്പോൾ, പാളയത്തിനു പുറത്തുള്ള ഭൂമിയുടെ ആസ്വാദനത്തിന്റെ അധീനതയിൽനിന്ന് നമ്മുടെ ഹൃദയം സ്വതന്ത്രമാക്കപ്പെടേണ്ടതിന് നമ്മുടെ ആത്മാവ് സ്വർഗീയ ക്രിസ്തുവിന്റെ തേജസ്സിനാൽ നിറയപ്പെടുന്നു. കൂടാതെ, പാളയത്തിനു പുറത്ത് കഷ്ടത സഹിക്കുന്ന യേശുവിനെ അനുഗമിക്കുവാൻ നാം ആകർഷിക്കപ്പെടേണ്ടതിന് തിരശ്ശീലയ്ക്കുള്ളിൽ തേജസ്കരിക്കപ്പെട്ട ക്രിസ്തുവിനെ നാം കാണുന്നു. സ്വർഗത്തിൽ അവന്റെ മുഖത്തെ കാണുന്നത് ഭൂമിയിൽ അവന്റെ കാൽച്ചുവടുകളെ പിന്തുടരുവാൻ നമ്മെ പ്രാപ്തരാക്കുന്നു. നാം തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുമ്പോൾ, പാളയത്തിനു പുറത്ത് ക്രൂശിന്റെ പാതയിൽ നടക്കുവാൻ ശക്തീകരിക്കപ്പെടേണ്ടതിന് നാം പുനരുത്ഥാനശക്തിയാൽ നിവേശിപ്പിക്കപ്പെടുന്നു (ഫിലി. 3:10). പാളയത്തിനു പുറത്ത് ദാഹിക്കുന്ന ആത്മാക്കൾക്ക് ശുശ്രൂഷിക്കുവാൻ നാം സജ്ജരാക്കപ്പെടേണ്ടതിന് സ്വർഗീയ ക്രിസ്തുവിന്റെ ശുശ്രൂഷയിൽ നാം പങ്കെടുക്കുകയും ചെയ്യുന്നു. പാളയത്തിനു പുറത്തുള്ള ജനത്തിന്റെ ആവശ്യങ്ങൾ സന്ധിക്കുന്നതിന് നാം സമ്പുഷ്ടമാക്കപ്പെടേണ്ടതിന് കർത്താവിന്റെ ഉത്തമമായത് ഇവിടെ നാം ആസ്വദിക്കുന്നു.

## V. തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുകയും പാളയത്തിനു പുറത്ത് പോകുകയും ചെയ്യുന്നതിലൂടെ സകല സൽപ്രവൃത്തിയിലും സജ്ജരാക്കപ്പെടുന്നു

വാക്യം 20-ഉം 21-ഉം പറയുന്നു, "നിത്യ ഉടമ്പടിയുടെ രക്തത്തിൽ, ആടുകളുടെ മഹാ ഇടയനായ, നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽനിന്നു പുറത്തുകൊണ്ടുവന്ന, സമാധാനത്തിന്റെ ദൈവം, യേശു ക്രിസ്തു മുഖാന്തരം അവന്റെ ദൃഷ്ടിയിൽ സുപ്രസാദകരമായതു നമ്മിൽ ചെയ്തുകൊണ്ട്, അവന്റെ ഹിതം ചെയ്യുന്നതിനായി നിങ്ങളെ സകല സൽപ്രവൃത്തിയിലും തികഞ്ഞവരാക്കട്ടെ. അവന് എന്നെന്നേക്കും മഹത്വം. ആമേൻ." തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുകയും പാളയത്തിനു പുറത്തു

പോകുകയും ചെയ്യുന്നതിലൂടെ സകല സൽപ്രവൃത്തിയിലും നാം സജ്ജരാക്കപ്പെടുന്നു. ഈ രീതിയിൽ യേശു ക്രിസ്തു മുഖാന്തരം അവന്റെ കാഴ്ചയിൽ സുപ്രസാദമായത് ദൈവം നമ്മിൽ ചെയ്യുന്നു. നാം അവന്റെ ഇഷ്ടം ചെയ്യുവാൻ പ്രാപ്തരാകേണ്ടതിന് അവൻ ഇതു ചെയ്യുന്നു. "തന്റെ സുപ്രസാദത്തിനു വേണ്ടി ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിങ്ങളിൽ വ്യാപരിക്കുന്നവൻ ദൈവമാകുന്നു" (ഫിലി. 2:13). ആരംഭം മുതൽ അവസാനം വരെ, ഈ പുസ്തകം സ്വർഗീയ ക്രിസ്തുവിനെ നമുക്ക് അവതരിപ്പിക്കുന്നു. ഇവിടെ മാത്രമാണ്, "അവന്റെ ദൃഷ്ടിയിൽ സുപ്രസാദകരമായത് നമ്മിൽ ചെയ്തുകൊണ്ട്" എന്ന വചനത്തോടുകൂടെ, ഈ പുസ്തകം ഉൾവസിക്കുന്ന ക്രിസ്തുവിനെ വിവക്ഷിക്കുന്നത്. നമ്മുടെ ആത്മാവിൽ, തിരശ്ശീലയ്ക്കുള്ളിൽ നാം ആസ്വദിക്കുന്ന ഉൾവസിക്കുന്ന ക്രിസ്തു മുഖാന്തരമാണ് നാം അവന്റെ ഇഷ്ടം ചെയ്യേണ്ടതിന് ദൈവം നമ്മിൽ പ്രവർത്തിക്കുന്നത്.

വാക്യം 20-ൽ കർത്താവായ യേശുവിനെ "ആടുകളുടെ മഹാ ഇടയൻ" എന്നു പറഞ്ഞിരിക്കുന്നു. ഇവിടെ "ആടുകൾ" സഭ എന്ന കൂട്ടമാണ്. ഈ അധ്യായത്തിൽ പറഞ്ഞിരിക്കുന്ന സകലവും നമ്മുടെ പാപയാഗമായ, മാറ്റമില്ലാത്തവനായ ക്രിസ്തുവിന്റെ അനുഭവത്തോടുകൂടെയുള്ള സഭാജീവിതത്തിനു വേണ്ടിയാണെന്ന ധാരണയെ ഇത് ഉറപ്പിക്കുന്നു, അവനിലൂടെ നാം വീണ്ടെടുക്കപ്പെടുകയും, നമ്മുടെ നല്ല ഇടയനെന്ന നിലയിൽ അവനാൽ നാം പോഷിപ്പിക്കപ്പെടുകയും ചെയ്യുന്നു.

ഒരു "നിത്യ ഉടമ്പടി"യെക്കുറിച്ചും വാക്യം 20 സംസാരിക്കുന്നു. എബ്രായലേഖനം പഴയ ഉടമ്പടിയിലെ കാര്യങ്ങളെപ്പോലെ താൽക്കാലികമായ കാര്യങ്ങളെ സംബന്ധിച്ച ഒരു പുസ്തകമല്ല; അത് സ്ഥലകാലങ്ങൾക്ക് അപ്പുറമായ കാര്യങ്ങളായ, നിത്യരക്ഷയും (5:9), നിത്യന്യായവിധിയും (6:2), നിത്യവീണ്ടെടുപ്പും (9:12), നിത്യാത്മാവും (9:14), നിത്യാവകാശവും (9:15), നിത്യ ഉടമ്പടിയും (13:20) പോലെയുള്ള നിത്യമായ കാര്യങ്ങളുടെ ഒരു പുസ്തകമാണ്. പുതിയ ഉടമ്പടി മേന്മയേറിയ ഒരു ഉടമ്പടി മാത്രമല്ല (7:22), ഒരു നിത്യ ഉടമ്പടിയും ആണ്. നിത്യ ഉടമ്പടി നടപ്പാക്കിയിരിക്കുന്ന ക്രിസ്തുവിന്റെ രക്തത്തിന്റെ നിത്യമായ ഫലദായകത്വം നിമിത്തം അത് നിത്യമായി ഫലപ്രദമാണ് (മത്താ. 26:28; ലൂക്കൊ. 22:20).

"കൃപ നിങ്ങൾ എല്ലാവരോടും കൂടെയിരിക്കുമാറാകട്ടെ. ആമേൻ" എന്ന അനുഗ്രവാക്കുകളോടുകൂടെ ഈ പുസ്തകം അവസാനിക്കുന്നു. ഈ പുസ്തകത്തിൽ അനാവരണം ചെയ്തിരിക്കുന്ന സകല കാര്യങ്ങളും നാം മനസ്സിലാക്കുകയും അതിൽ പങ്കെടുക്കുകയും ചെയ്യേണ്ടതിന് നമുക്ക് കൃപ ആവശ്യമാണ്. കൃപ സ്വീകരിക്കുന്നതിന് (12:28), നമ്മുടെ തത്സമയത്തുള്ള ആവശ്യത്തിന് കൃപ കണ്ടെത്തേണ്ടതിന്

നാം കൃപാസനത്തിലേക്ക് മുമ്പോട്ടുവരണം (4:16). നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്ത് അതിവിശുദ്ധസ്ഥലത്തുള്ള കൃപാസനത്തെ തൊടുന്നതിലൂടെയാണ് നാം കൃപയുടെ ആത്മാവിനെ ആസ്വദിക്കുന്നതും (10:29) കൃപയാൽ നമ്മുടെ ഹൃദയം ഉറപ്പിക്കപ്പെട്ടിരിക്കുന്നതും (13:9). കൃപയുടെ ഇങ്ങനെയുള്ള ഒരു ആസ്വാദനത്താൽ ദൈവത്തിന്റെ വ്യവസ്ഥയുടെ ലക്ഷ്യത്തിൽ എത്തുന്നതിന് നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം നാം ഓടുന്നു (12:1).